**ORTHODOX SYRIAN SUNDAY SCHOOL ASSOCIATION OF THE EAST**
**ANNUAL EXAM**
**CLASS - 5 (YEAR 2021) (Malayalam)**

**1) 'മോശ' എന്ന പേരിന്റെ അർത്ഥമെന്താണ്?**
A) ദൈവപുരുഷൻ
**B) വെള്ളത്തിൽനിന്ന് വലിച്ചെടുക്കപ്പെട്ടവൻ.**
C) യിസ്രയേലിന്റെ വിമോചകൻ.
D) വിദ്യാഭ്യാസമുള്ളവൻ.

**2) താഴെ പറയുന്നവയിൽ ഫറവോന്റെ കൊട്ടാരത്തിലെ മോശയുടെ വളർച്ചയുമായി ബന്ധമില്ലാത്ത പരാമർശം ഏതാണ്?**
A) ഫറവോന്റെ പുത്രി മോശയെ കൊട്ടാരത്തിലേക്കു കൊണ്ടുവന്നു.
B) മോശ ഒരു രാജകുമാരനെപ്പോലെ കൊട്ടാരത്തിൽ വളർന്നു.
**C) മോശ ഏഴു വർഷം ഫറവോന്റെ കൊട്ടാരത്തിൽ താമസിച്ചു.**
D) മോശയ്ക്ക് നേതൃപാടവം കൊട്ടാരത്തിൽനിന്നും ലഭിച്ചു.

**3) ഫറവോന്റെ കൊട്ടാരത്തിലേക്കു പോകുമ്പോൾ മോശയ്ക്കു സഹായിയായി നിയമിതനായത് ആര്?**
A) മിര്യാം
B) യോശുവ
**C) അഹറോൻ**
D) കാലേബ്

**4) താഴെ പറയുന്നവയിൽ മിസ്രയീമിന്റെ മേൽ ഉണ്ടായ അവസാനത്തെ ബാധ ഏതാണ്?**
**A) കടിഞ്ഞൂൽ സംഹാരം.**
B) കഠിനമായ കൽമഴ.
C) നായീച്ച
D) കൂരിരുട്ട്

**5) പഴയനിയമത്തിലെ പെസഹ ആചരിക്കുന്നതിന്റെ കാരണമെന്താണ്?**
**A) മിസ്രയീമിലെ അടിമത്വത്തിൽനിന്നുള്ള വീണ്ടെടുപ്പിന്റെ ഓർമ്മപുതുക്കൽ.**
B) പത്തു കല്പനകൾ സ്വീകരിച്ചതിന്റെ ഓർമ്മപുതുക്കൽ.
C) മോശയുടെ മരണത്തിന്റെ ഓർമ്മപുതുക്കൽ.
D) മുൾപ്പടർപ്പിൽ അഗ്നിയുണ്ടായതിന്റെ ഓർമ്മപുതുക്കൽ.

**6) തലമുറകൾക്കു കാണേണ്ടതിന് അഹറോൻ എവിടെയാണ് മന്ന സൂക്ഷിച്ചുവച്ചത്?**
A) യോർദ്ദാൻ നദിയിൽ.
B) ഫറവോന്റെ കൊട്ടാരത്തിൽ.
C) ദാവീദിന്റെ കൊട്ടാരത്തിൽ.
**D) സാക്ഷ്യപ്പെട്ടകത്തിൽ.**

**7) ജനങ്ങളെ പഠിപ്പിക്കാൻ യേശു ഉപമകൾ ഉപയോഗിച്ചത് എന്തിന്?**

**A) കേൾവിക്കാരുടെ മനസ്സിനെ സ്പർശിക്കാൻ.**

B) തന്റെ വേദശാസ്ത്ര അറിവ് വെളിപ്പെടുത്താൻ

C) പണ്ഡിതരെ പഠിപ്പിക്കാൻ.

D) പരീശന്മാരെ പഠിപ്പിക്കാൻ.

**8) യേശുവിന്റെ മറുരൂപ വേളയിൽ അവനൊപ്പം പ്രത്യക്ഷപ്പെട്ട് സംസാരിച്ചതാരെല്ലാം?**

A) പത്രോസും യോഹന്നാനും

B) പത്രോസും പൗലോസും

C) മോശയും അഹരോനും

**D) മോശയും ഏലിയാവും**

**9) താഴെ പറയുന്ന വേദഭാഗങ്ങളിൽ ഏതിലാണ് 'കർത്തൃപ്രാർത്ഥന' കാണുന്നത്?**

A) വി. മത്തായി 1:1-4

B) വി. മത്തായി 6:14-17

C) വി. ലൂക്കോസ് 2:1-4

**D) വി. ലൂക്കോസ് 11:2-4**

**10) താഴെ പറയുന്നവയിൽ 'നല്ല ഇടയനായ യേശു ക്രിസ്തു' എന്ന ആശയവുമായി അനുയോജ്യമായവ ഏതാണ്?**

A) യേശുക്രിസ്തു നമ്മെ സംരക്ഷിക്കുകയും ആവശ്യമായവ നൽകുകയും ചെയ്യുന്നു.

B) യേശുക്രിസ്തു താൻ ''നല്ല ഇടയനാകുന്നു'' എന്നു പറഞ്ഞു.

C) യേശുക്രിസ്തു നമ്മുടെ ജീവിതത്തിൽ ആശ്വാസകനാകുന്നു.

**D) മുകളിൽ തന്നിരിക്കുന്നതെല്ലാം.**

**11) താഴെ പറയുന്നവയിൽ ഗിരിപ്രഭാഷണത്തിൽ പരാമർശിക്കാത്തത് ഏതാണ്?**

**A) വിതക്കാരന്റെ ഉപമ**

B) ഭാഗ്യവർണ്ണനകൾ

C) മോശയുടെ ന്യായപ്രമാണത്തിന് പുതിയ വ്യാഖ്യാനങ്ങൾ

D) ആത്മാർത്ഥമായ ഉപവാസവും പ്രാർത്ഥനയും

**12) നീതിമാന്റെ കൂടാരത്തിൽ 'മഹത്വത്തിന്റെയും രക്ഷയുടെയും ശബ്ദം' എന്ന വാചകം ഏതു സങ്കീർത്തനത്തിൽനിന്നും എടുത്തിരിക്കുന്നു?**

**A) 118**

B) 110

C) 181

D) 108

**13) 'ആഹായ്' എന്ന സുറിയാനി വാക്കിന്റെ അർത്ഥമെന്താണ്?**
A) എന്റെ വാത്സല്യമുള്ളവരെ
B) എന്റെ കുഞ്ഞുങ്ങളെ
**C) എന്റെ സഹോദരരെ**
D) എന്റെ ഗുരുക്കന്മാരെ

**14) "കർത്താവിനെ സ്തോത്രം ചെയ്യുന്നതും..." എന്ന പ്രാർത്ഥന എപ്പോഴാണ് ചൊല്ലുന്നത്?**
A) സന്ധ്യ
**B) പ്രഭാതം**
C) ഉച്ച
D) സൂത്താറ

**15) താഴെ പറയുന്നവയിൽ മദ്ബഹായുടെ വടക്കുഭാഗത്ത് വായിക്കുന്നത് ഏതു പുസ്തകത്തിൽനിന്നാണ്?**
A) പൗലോസ് ശ്ലീഹായുടെ ലേഖനങ്ങൾ
**B) അപ്പോസ്തലപ്രവർത്തികൾ**
C) സുവിശേഷങ്ങൾ
D) പ്രവാചകന്മാർ

**16) "നല്ല നിലം തുല്യം കൈക്കൊണ്ടാളുദരെ." ആരാണ്?**
A) അപ്പോസ്തലന്മാർ
B) പ്രവാചകന്മാർ
C) എലിസബേത്ത്
**D) വി. കന്യകമറിയാം**

**17) ആദിമസഭയിൽ 'വീട്ടിലെ സഭകൾ' (Home Churches) എന്നതുകൊണ്ട് ഉദ്ദേശിക്കുന്നത് എന്താണ്?**
A) വീടിന് അടുത്തുള്ള ദേവാലയം.
B) വീടുകളായി മാറ്റപ്പെട്ട ദേവാലയങ്ങൾ.
**C) ആദിമക്രിസ്തീയ വിശ്വാസികളുടെ ആരാധനകേന്ദ്രങ്ങൾ**
D) അപ്പോസ്തലന്മാരുടെ വീടുകൾ.

**18) മാർതോമ്മാശ്ലീഹായെ കബറടക്കിയത് എവിടെയാണ്?**
**A) ചെന്നെയ്ക്ക് അടുത്തുള്ള മൈലാപ്പൂർ.**
B) പത്തനംതിട്ടയ്ക്ക് അടുത്തുള്ള നിലയ്ക്കൽ.
C) കന്യാകുമാരിക്ക് അടുത്തുള്ള തിരുവിതാംകോട്.
D) അങ്കമാലിക്ക് അടുത്തുള്ള മലയാറ്റൂർ.

**19) അദൃശ്യസഭയുടെ സാന്നിധ്യം തിരിച്ചറിയുവാൻ സഹായകമാകുന്നത് ഏതാണ്?**

A) കുരിശ്

B) മെഴുകുതിരികൾ

C) ധൂപക്കുറ്റി

**D) ഇവയിൽ ഒന്നുമല്ല**

**20) വി. കുർബാനയിലെ ഏതു പ്രവൃത്തിയാണ് ഒപ്പം ആരാധിക്കുന്നവരോട് നിരപ്പായതിലേക്ക് നയിക്കുന്നത്?**

A) തലകൾ കുനിക്കുന്നത്

B) കുമ്പിടീൽ

**C) സമാധാന ചുംബനം**

D) ധൂപാർപ്പണം

**21) യേശുക്രിസ്തുവിന്റെ മാമോദീസയുടെ പെരുന്നാൾ എന്നാണ് ആചരിക്കുന്നത്?**

**A) ജനുവരി 6**

B) ഡിസംബർ 25

C) മാർച്ച് 25

D) ഫെബ്രുവരി 2

**22) കൂദാശകളുടെ പരമമായ ലക്ഷ്യം എന്താണ്?**

A) വ്യക്തിപരമായ വിഷമങ്ങൾ അകറ്റുക.

B) വ്യക്തിപരമായ ആവശ്യങ്ങൾ പൂർത്തീകരിക്കുക.

**C) വിശുദ്ധീകരണത്തിലേക്കു നയിക്കുക.**

D) സാമൂഹിക ബന്ധങ്ങൾ ദൃഢമാക്കുക.

**23) വി. ഗീവർഗീസ് സഹദായുടെ ജന്മദേശം?**

**A) കപ്പദോക്യാ**

B) ഏതൻസ്

C) അലക്സാന്ത്രിയ

D) ശമര്യാ

**24) വി. യൗസേഫിന് എത്ര തവണ ദൈവത്തിന്റെ അരുളപ്പാട് സ്വപ്നത്തിൽ ലഭിച്ചു?**

A) ഒന്ന്

B) രണ്ട്

C) മൂന്ന്

**D) നാല്**

**25) ആരാണ് മൂന്ന് അപരിചിതരെ സ്വീകരിച്ച് ഭക്ഷണം നൽകി അനുഗ്രഹീതനായത്?**

A) നോഹ

B) ഹാബേൽ

**C) അബ്രഹാം**

D) ഇസഹാക്ക്

**26) കൃത്യനിഷ്ഠയുടെ അനിവാര്യതയെക്കുറിച്ചു പഠിപ്പിക്കുന്ന ഉപമ ഏതാണ്?**

A) നല്ല ശമര്യാക്കാരന്റെ ഉപമ

**B) പത്തു കന്യകമാരുടെ ഉപമ**

C) കാണാതെപോയ ആടിന്റെ ഉപമ

D) വിതക്കാരന്റെ ഉപമ

**27) താഴെ പറയുന്നവയിൽ പെസഹാ ആചരണവുമായി ബന്ധപ്പെട്ട് ശരിയല്ലാത്ത പരാമർശം ഏതാണ്?**

A) മിസ്രയീമിലെ അടിമത്വത്തിൽനിന്നുള്ള വിമോചനത്തിന്റെ സ്മരണയായിട്ടാണ് പെസഹാ ആചരിക്കുന്നത്.

B) ആബീബ് മാസം പത്താം തീയതി ഓരോ കുടുംബവും ഒരു ആട്ടിൻകുട്ടിയെ തെരഞ്ഞെടുക്കും.

C) യിസ്രായേല്യർ മാംസം ചുട്ട് കൈപ്പുചീരയോടുകൂടി കഴിക്കും.

**D) കനാനിലെത്തിയപ്പോൾ പെസഹാ ആചരിക്കുന്നത് യിസ്രയേല്യർ അവസാനിപ്പിച്ചു.**

**28) താഴെ പറയുന്നവയിൽ മന്നയെ സംബന്ധിക്കുന്ന ശരിയായ പരാമർശം ഏതാണ്?**

**A) മന്ന കൊത്തമ്പാലരി പോലെയാണ്**

B) മന്നയ്ക്കു കൈപ്പുചീരയുടെ രുചിയാണ്.

C) ഒരു ദിവസം ഒരാൾക്ക് രണ്ടിടങ്ങഴി മന്ന പെറുക്കാം.

D) യിസ്രായേല്യർ എല്ലാ ദിവസവും വൈകിട്ട് മന്ന പെറുക്കി.

**29) വിതയ്ക്കുന്നവന്റെ ഉപമയിൽ നല്ല നിലത്തുവീണ വിത്ത് എന്തിനെ സൂചിപ്പിക്കുന്നു?**

A) അനുസരിക്കാതെ തള്ളിക്കളഞ്ഞ വചനം.

B) കേട്ടു എങ്കിലും സാത്താൻ എടുത്തുകളഞ്ഞ വചനം.

**C) കേൾക്കുകയും നല്ല ഫലങ്ങൾ പുറപ്പെടുവിക്കുകയും ചെയ്ത വചനം.**

D) ധനത്തിന്റെ പ്രലോഭനങ്ങളാൽ ഫലം പുറപ്പെടുവിക്കാനാകാത്ത വചനം.

**30) മറുരൂപ സമയത്ത് യേശുക്രിസ്തു രണ്ട് പഴയനിയമകാല പ്രവാചകരുമായി സംസാരിക്കുകയായിരുന്നു. ഈ സമയത്ത് എന്താണ് സംഭവിച്ചത്?**
**A) ഒരു മേഘം നിഴലിടുകയും അതിൽനിന്നും ശബ്ദം ഉണ്ടാവുകയും ചെയ്തു.**
B) പത്രോസ് കുടിലുകൾ ഉണ്ടാക്കുവാൻ ആരംഭിച്ചു.
C) യേശു മലയിൽനിന്നും ഇറങ്ങി പ്രസംഗിക്കുവാൻ തുടങ്ങി.
D) ശിഷ്യന്മാർ മല കയറുവാൻ തുടങ്ങി.

**31) താഴെ പറയുന്നവയിൽ കർത്തൃപ്രാർത്ഥനയുടെ അർത്ഥങ്ങളിൽ ഉൾപ്പെടാത്തത് ഏതാണ്?**
**A) വിശുദ്ധന്മാർ നമുക്കായി മദ്ധ്യസ്ഥത അർപ്പിക്കുന്നു.**
B) ദൈവപിതാവിന്റെ സ്വന്തം മക്കൾ എന്ന നിലയിലാണ് നാം സമീപിക്കേണ്ടത്.
C) പ്രലോഭനങ്ങൾ വരുമ്പോൾ ദൈവത്തിൽനിന്നാണ് ശക്തി ലഭിക്കുന്നത്.
D) സകലവും ദൈവത്തിനുള്ളതാകയാൽ ദൈവമുൻപാകെ സമ്പൂർണമായി സമർപ്പിതമാകണം.

**32) താഴെ പറയുന്നവയിൽ "ഞാൻ ആകുന്നു" എന്ന യേശുക്രിസ്തുവിന്റെ വചനങ്ങളിൽ ഉൾപ്പെടാത്തത് ഏതാണ്?**
A) ഞാൻ നല്ല ഇടയനാകുന്നു.
**B) ഞാൻ രാജാക്കന്മാരുടെ രാജാവാകുന്നു.**
C) ഞാൻ ജീവന്റെ അപ്പം ആകുന്നു.
D) ഞാൻ ലോകത്തിന്റെ വെളിച്ചം ആകുന്നു.

**33) താഴെ പറയുന്നവയിൽ ഉപവാസത്തെയും പ്രാർത്ഥനയെയും സംബന്ധിക്കുന്ന ക്രിസ്തീയ വീക്ഷണവുമായി ബന്ധമില്ലാത്തത് ഏതാണ്?**
A) ആത്മാർത്ഥമായ ഹൃദയത്തിന്റെ പ്രാർത്ഥനയാണ് ദൈവം സ്വീകരിക്കുന്നത്.
B) ദൈവം നമ്മുടെ ആവശ്യങ്ങൾ മുൻകൂട്ടി അറിയുന്നു.
**C) ഉപവാസം മനുഷ്യരെ കാണിക്കാൻ വേണ്ടിയാകണം.**
D) ഉപവാസം ഹൃദയംഗമമാകണം.

**34) കർത്താവേ, നീ ഞങ്ങൾ എല്ലാവരുടെയും .................... പരിഹരിച്ചു മോചിപ്പിക്കേണമേ.**
**പരിശുദ്ധനായുള്ളോവേ, നിന്റെ വലതുതൃക്കൈ ഞങ്ങളുടെമേൽ ആവസിപ്പിച്ച് നിന്റെ**
**തിരുനാമം നിമിത്തം ഞങ്ങളുടെ പാപരോഗങ്ങളെ ............................**
**ഈ പ്രാർത്ഥന പൂർത്തീകരിക്കുക.**
A) പാപങ്ങൾ, ഇല്ലാതാക്കണമേ
B) വേദനകൾ, കുറയ്ക്കണമേ
C) പ്രയാസങ്ങൾ, സൗഖ്യമാക്കണമേ
**D) പാപങ്ങൾ, സൗഖ്യമാക്കണമേ.**

**35) ശെമ്മാശന്മാരെ സഭ തെരഞ്ഞെടുത്തതിന്റെ ഉദ്ദേശ്യമെന്താണ്?**
A) പ്രസംഗിക്കുന്നതിനും പാടുന്നതിനും
**B) അനാഥരുടെയും വിധവകളുടെയും ശുശ്രൂഷയ്ക്ക്**
C) സിനഗോഗുകളിലെ ശുശ്രൂഷയ്ക്ക്
D) തിരുവെഴുത്തുകൾ വ്യാഖ്യാനിക്കുന്നതിന്

**36) മലങ്കര സഭയുടെ അപ്പോസ്തലിക അടിത്തറയ്ക്ക് താഴെ പറയുന്നവയിൽ ഏതാണ് തെളിവല്ലാത്തത്?**
A) കേരളത്തിന്റെ വിദേശ വാണിജ്യബന്ധം
B) കേരളത്തിലെ യഹൂദ സാന്നിധ്യം
**C) വാസ്കോ ഡ ഗാമയുടെ ആഗമനം**
D) ഇന്ത്യയിലുള്ള മാർതോമ്മാ ശ്ലീഹായുടെ കബറിടം

**37) താഴെ പറയുന്നവയിൽ തെറ്റായ പ്രസ്താവന ഏതാണ്?**
A) ദേവാലയത്തിലെ അലങ്കാരങ്ങൾ കാഴ്ചയ്ക്ക് സംതൃപ്തി നൽകുന്നു.
B) ക്രമീകൃതമായ ക്വയർ ആരാധനയുടെ സംഗീതാത്മകത ആകർഷകമാക്കുന്നു.
C) സുഗന്ധം പകരുന്ന കുന്തിരിക്കം പ്രാർത്ഥനകൾ സ്വർഗ്ഗത്തിലേക്ക് എത്തുന്നു എന്നതിന്റെ സൂചകമാണ്.
**D) വി. കുർബാനയിൽ അപ്പവീഞ്ഞുകൾ വെവ്വേറെയായാണ് നാം സ്വീകരിക്കുന്നത്.**

**38) മോറാനായ പെരുന്നാളുകളുടെ ആചരണവുമായി ബന്ധപ്പെടാത്തത് ഏതാണ്?**
A) പെരുന്നാൾ ദിവസം വി. കുർബാന അനുഷ്ഠിക്കുന്നു.
B) ഓരോ ദിവസത്തിലും പ്രുമിയോൻ, സെദറാ എന്നിവ പ്രത്യേകം ക്രമീകരിച്ചിട്ടുണ്ട്.
C) പ്രാർത്ഥനകൾക്ക് കുമ്പിടീൽ നടത്തുന്നില്ല.
**D) പെരുന്നാൾ ദിവസം വിശ്വാസികൾ ഉപവസിക്കുന്നു.**

**39) വി. കൂദാശകളെ സംബന്ധിക്കുന്ന തെറ്റായ പരാമർശം തെരഞ്ഞെടുക്കുക.**
A) ക്രിസ്തുവിലാണ് കൂദാശയുടെ ആദ്യരൂപം ദർശിക്കുന്നത്.
B) കൂദാശയർപ്പിക്കാൻ സഭയെ ദൈവം ചുമതലപ്പെടുത്തി.
**C) ഓർത്തഡോക്സ് സഭ കൂദാശകളെ "വിശുദ്ധ അനുഗ്രഹങ്ങൾ" എന്നു വിളിക്കാനാണ് ആഗ്രഹിക്കുന്നത്.**
D) കൂദാശകൾ ദൈവകൃപ പ്രാപിക്കുന്നതിനുള്ള മുഖാന്തിരങ്ങളാണ്.

**40) താഴെ പറയുന്നവയിൽ വി. യൗസേഫുമായി ബന്ധപ്പെട്ട് തെറ്റായ പരാമർശം ഏതാണ്?**

A) വി. യൗസേഫ് നീതിമാനായിരുന്നു.

B) വി. യൗസേഫ് യേശുക്രിസ്തുവിന്റെ വളർത്തുപിതാവായിരുന്നു.

C) ആദ്യഭാര്യയുടെ മരണശേഷമാണ് വി. യൗസേഫ് വി. കന്യകമറിയാമിനെ വിവാഹം കഴിക്കുന്നത്.

**D) യേശുക്രിസ്തുവിന്റെ കുരിശുമരണശേഷമാണ് വി. യൗസേഫ് നിര്യാതനായത്.**